**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **29-09-2025 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേരഗ്രാമം പദ്ധതികളുടെയും കൃഷിസമൃദ്ധി പദ്ധതികളുടെയും വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ നൽകാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അരുവിക്കര മണ്ഡലത്തിൽ വെള്ളനാട്, പൂവച്ചൽ ഗ്രാമപഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br><br>വെള്ളനാട് ഗ്രാമ പഞ്ചായത്ത്:<br><br>2022-23 സാമ്പത്തിക വർഷത്തിൽ 100 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി നടപ്പാക്കിയതിലൂടെ പഞ്ചായത്തിലെ 17500 തെങ്ങുകളുടെ തടം തുറന്നു .<br><br>ഡോളമൈറ്റ് ,മഗ്നീഷ്യം സൾഫേറ്റ്, ജൈവവളം, ജീവാണുവളം, ഇടവിളക്കിറ്റ്, പമ്പ് സെറ്റ്, ക്ലൈമ്പർ എന്നിവ വിതരണം ചെയ്യാൻ സാധിച്ചു.<br><br>കൂടാതെ ഈ പദ്ധതി വഴി തെങ്ങുകളുടെ മണ്ട വൃത്തിയാക്കൽ നടത്തി ചെല്ലിക്കെതിരെ ജൈവ കീടനാശിനി ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞു.<br><br>കേടായ തെങ്ങുകൾ വെട്ടി മാറ്റുകയും പകരം പുതിയ തെങ്ങിൻതൈകൾ വച്ച് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതിലൂടെ തെങ്ങുകളുടെ ആരോഗ്യം വർദ്ധിപ്പിക്കുവാനും ഉൽപാദനം കൂട്ടുവാനും സാധിച്ചു. കേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഈ പദ്ധതിയിലൂടെ സാധിച്ചു.<br><br>പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>പൂവച്ചൽ ഗ്രാമ പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | ഹെക്ടറിന് 175 തെങ്ങ് എന്ന നിലയിൽ 100 ഹെക്ടറിൽ കേരഗ്രാമം പദ്ധതി നടപ്പാക്കിയതിലൂടെ പഞ്ചായത്തിലെ 17500 തെങ്ങുകളുടെ തടം തുറന്ന് ജൈവവളം, മഗ്നീഷ്യം സൾഫേറ്റ് , ഡോളമൈറ്റ് എന്നിവ നൽകുകയുണ്ടായി<br><br>ഇതിലൂടെ ജലലഭ്യത ഉറപ്പാക്കുകയും മെച്ചപ്പെട്ട ഉൽപ്പാദനം ലഭ്യമാക്കുകയും ചെയ്തു.<br><br>തെങ്ങിൻതടത്തിൽ തൊണ്ട് അടുക്കി ജലസംഭരണം ഉറപ്പാക്കാൻ സാധിച്ചു.<br><br>തെങ്ങിൻ പുരയിടത്തിൽ ഇടവിള കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ നൽകിയതിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു.<br><br>സംയോജിത രോഗകീടമാർഗ്ഗങ്ങൾ സ്വീകരിച്ചതിലൂടെ തെങ്ങിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ സാധിച്ചു .<br><br>രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റി പകരം മെച്ചപ്പെട്ട തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിന് സാധിച്ചു.<br><br>ജലസേചനം സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പമ്പ് സെറ്റുകൾ സബ്സിഡി നിരക്കിൽ നൽകാൻ സാധിച്ചു<br><br>സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രം നൽകിയതിലൂടെ തെങ്ങുകയറ്റ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും പുതിയ യുവതിയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാധിച്ചു.<br><br>ജൈവവള ഉത്പാദന യൂണിറ്റുകൾ സ്ഥാപിച്ചതിലൂടെ പഞ്ചായത്തിലെ ജൈവവള ലഭ്യത ഉറപ്പുവരുത്താൻ സാധിച്ചു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പൂവച്ചൽ കൃഷിഭവനിൽ ആകെ 25,67,000 രൂപ കേരഗ്രാമം പദ്ധതിയ്ക്കായി വിനിയോഗിച്ചു. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>കൃഷി സമൃദ്ധി പദ്ധതിയിൽ നിലവിൽ അരുവിക്കര മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഇടവിളകൃഷി | 250000 |
| 2 | മഗ്നീഷ്യം സൾഫേറ്റ് വിതരണം | 20109 |
| 3 | കുമ്മായം വിതരണം | 162391 |
| 4 | ജൈവകീടനാശിനിപ്രയോഗം | 1328959 |
| 5 | ബയോഫെർട്ടിലൈസർ ഉപയോഗം( വാം) | 275000 |
| 6 | ബയോഫെർട്ടിലൈസർ ഉപയോഗം(ട്രൈക്കോപ്ലസ്) | 287500 |
| 7 | കേട് വന്ന തെങ്ങ് വെട്ടി മാറ്റൽ | 165000 |
| 8 | പുതിയ തെങ്ങിൻ തൈ നടീൽ | 14700 |
| 9 | പമ്പ് സെറ്റ് | 10000 |
| 10 | തെങ്ങു കയറ്റ യന്ത്രം | 2000 |
| 11 | ഓപ്പറേഷണൽ കോസ്റ്റ് | 4826 |
| | ആകെ | **2520485** |

**<u>അനുബന്ധം 2</u>**

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | തടം തുറക്കൽ | 956250 |
| 2 | സംയോജിത വളപ്രയോഗം | 698670 |
| 3 | സംയോജിത രോഗകീട നിയന്ത്രണം | 265080 |
| 4 | ജലസേചനം( പമ്പസെറ്റ്, കിണർ) | 240000 |
| 5 | തെങ്ങ്കയറ്റ യന്ത്ര വിതരണം | 60000 |
| 6 | ജൈവവള നിർമ്മാണയൂണിറ്റ് | 40000 |
| 7 | ഓപ്പറേഷണൽ കോസ്റ്റ് | 7000 |
| 8 | കേരസമിതിക്കുള്ള സഹായം | 100000 |
| 9 | മൂല്യ വർദ്ധിത യൂണിറ്റ് | 200000 |
| | ആകെ | **2567000** |